# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1139** **03/12/2015-ൽ മറുപടിക്ക്**

## അഞ്ചാം ക്ലാസ് ഉൾപ്പെട്ട എൽ.പി. സ്കൂളുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെങ്കിലും എയ്ഡഡ് എൽ.പി. സ്കൂളുകളിൽ അഞ്ചാം ക്ലാസ് പ്രവൃത്തിച്ചു വരുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളിൽ; ഏത് തീയതി മുതൽ പ്രവൃത്തിച്ചുവരുന്നു; | (എ) | 2014-15 അദ്ധ്യയനവർഷത്തെ കണക്കു പ്രകാരം സംസ്ഥാനത്ത് അഞ്ചാം ക്ലാസ്സുവരെയുള്ള 503 എണ്ണം സ്കൂളുകൾ എയ്ഡഡ് മേഖലയിൽ സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. സ്കൂളുകൾ ഏത് തീയതി മുതൽ പ്രവർത്തിച്ചുവരുന്നു എന്നുള്ള വിവരം ശേഖരിച്ചുവരുന്നു. |
| (ബി) പുതിയ ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് അഞ്ചാം ക്ലാസ് സംസ്ഥാനത്തെ എൽ.പി. സ്കൂളുകൾക്ക് അനുവദിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് വിരുദ്ധമായി അഞ്ചാം ക്ലാസ് പ്രവൃത്തിച്ചുവരുന്ന സ്കൂളുകൾക്ക് എതിരെ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ആർ.ടി.ഇ. ആക്ട് അനുസരിച്ച് സംസ്ഥാനത്ത് പുതിയതായി അഞ്ചാം ക്ലാസ്സ് അനുവദിച്ചിട്ടില്ല. സർക്കാർ അനുമതി ഇല്ലാതെ തുടങ്ങിയിട്ടുള്ള അഞ്ചാം ക്ലാസ് ഡിവിഷനുകൾ അംഗീകരിക്കരുതെന്ന് കാണിച്ച് 27.07.2015-ൽ പുറപ്പെടുവിച്ച സർക്കുലർ (നം.27520/ജെ1/ പൊ.വി.വ) എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്). |

| | | |
|---|---|---|
| (സി) | പ്രസ്തുത പ്രശ്നത്തിൽ ബഹു.ഹൈക്കോടതി യുടെ അന്തിമവിധി പ്രസ്താവന എന്തായിരുന്നു; വിശദമാക്കാമോ? | (സി) സർക്കാർ അനുമതി ഇല്ലാതെ അഞ്ചാം ക്ലാസ് തുടങ്ങിയ എയ്ഡഡ് സ്കൂളുകൾ ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒരുകൂട്ടം ഹർജികളിന്മേലും റിട്ട് അപ്പീലിന്മേലും ബഹു:ഹൈക്കോടതി അന്തിമവിധി പ്രസ്താവിച്ചിരുന്നു. മേൽ വിധി ന്യായത്തിൽ ആർ.റ്റി.ഇ ആക്ട് പ്രകാരം സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ/പുതിയ സ്കൂൾ തുടങ്ങുന്നതിനോ സർക്കാർ വിജ്ഞാപനം നടത്തി തുടർനടപടികൾ സ്വീകരിക്കാനും 31.12.2015-ന് മുമ്പായി നടപടികൾ പൂർത്തീകരിക്കുവാനും ഉത്തരവായിരുന്നു. അനുകൂലവിധി ലഭിച്ചില്ലായെന്ന് കാണിച്ച് പ്രസ്തുത സ്കുൾ മാനേജർമാർ ബഹു:സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയും ഇടക്കാലവിധിയിൽ ബഹു:സുപ്രീം കോടതി തൽസ്ഥിതി തുടരുവാൻ ഉത്തരവാകുകയും ചെയ്തു. |

Sreedevi

സെക്ഷൻ ഓഫീസർ